## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4293** — **19.10.2011-ൽ മറുപടിക്ക്**

### ശുചിത്വ മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി :<br>,, പി.കെ. ബഷീർ :<br>,, എൻ. ഷംസുദ്ദീൻ :<br>,, കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ശുചിത്വമിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | എ) മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് വേണ്ട പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനാണ് ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഗ്രാമ പ്രദേശങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടി നടപ്പിലാക്കി വന്നിരുന്ന ഏജൻസിയായ കേരള ടോട്ടൽ സാനിട്ടേഷൻ ആന്റ് ഹെൽത്ത് മിഷനും സംസ്ഥാന സർക്കാരിന്റെ ഖരമാലിന്യ പരിപാലന പരിപാടികൾക്ക് നേതൃത്വം നൽകിവന്നിരുന്ന ഏജൻസിയായ ക്ളീൻകേരള മിഷനും സംയോജിപ്പിച്ച് കൊണ്ട് 2008 ൽ ശുചിത്വ മിഷൻ രൂപീകരിച്ചു. ശുചിത്വ അനുശീലനങ്ങളായ മനുഷ്യ വിസർജ്ജ്യ നിർമ്മാർജ്ജനം, ഖര-ദ്രവമാലിന്യ പരിപാലനം, കുടിവെള്ള ശുചിത്വം, വ്യക്തിഗത-സാമൂഹ്യ-സ്ഥാപന ശുചിത്വം, പരിസര ശുചിത്വം ഇവയിൽ പൂർണ്ണ നേട്ടം കൈവരിക്കുക എന്നതാണ് ശുചിത്വമിഷന്റെ ഉദ്ദേശ്യം. ഇതിനായി താഴെപ്പ |

റയുന്ന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് മിഷൻ നടപ്പിൽ വരുത്തുന്നത്.

1. ശുചിത്വ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള വിദഗ്ദ്ധ ഉപദേശം നൽകൽ
2. ബൃഹത്തായ ഖരദ്രവ മാലിന്യ സംസ്കരണ ശുചിത്വ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അംഗീകാരം നൽകൽ.
3. കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി സാമ്പത്തിക സഹായം ലഭ്യമാക്കാൻ കഴിയാത്ത നഗര പ്രദേശങ്ങളിലെ ശുചിത്വ പ്രോജക്ടുകൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും ആനുപാതികമായി സാമ്പത്തിക വിഹിതം നൽകൽ
4. ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളുമായി/വകുപ്പുകളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂട്ടിയോജിപ്പിക്കൽ
5. ശുചിത്വ പ്രോജക്ടുകളുടെ ഇവാല്യുവേഷൻ പഠനവും റിപ്പോർട്ടിംഗും
6. വിപുലമായ വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങളിലൂടെ ശുചിത്വ ബോധം സൃഷ്ടിക്കുകയും ആരോഗ്യകരമായ പരിസരം വീടുകളിലും തൊഴിലിടങ്ങളിലും പൊതുവിടങ്ങളിലും ഉറപ്പു വരുത്തി കേരളത്തിന്റെ പരിസ്ഥിതി മെച്ചപ്പെടുത്തുക.

ബി) **നടപ്പുവർഷം ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദവിവരം നൽകാമോ; അവയുടെ പ്രവർത്തന പുരോഗതി നിർദ്ദിഷ്ട ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കുമോ ;**

ബി) നടപ്പു വർഷം ശുചിത്വ മിഷൻ നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

I. ശുചിത്വ കേരളം പദ്ധതി

എ) ഖരമാലിന്യ പരിപാലനം

- നിലവിലുള്ള ഖരമാലിന്യ പരിപാലന സംവിധാനങ്ങളുടെ പുനഃരുദ്ധീകരണം: വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലന പ്ലാന്റുകളുടെ പുനരുദ്ധീകരണം/അറ്റകുറ്റപ്പണികൾ/ശേഷി വർദ്ധിപ്പിക്കൽ എന്നിവയും അറവുശാലകളിലെ മാലിന്യസംസ്കരണവുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. സംയോജിത ഖരമാലിന്യ പദ്ധതികളുടെ ഭാഗമായുള്ള മാലിന്യ ശേഖരണം, ട്രാൻസ്പോർട്ടേഷൻ, സംസ്കരണം, നിർമ്മാർജ്ജനം, എന്നീ പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനുതകുന്ന പദ്ധതികൾ നടപ്പിലാക്കാൻ 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി അടങ്കലിന്റെ 50%, 35 ലക്ഷം രൂപവരെ സാമ്പത്തിക സഹായം നൽകുന്നതാണ്.

- നിലവിലുള്ള ഖരമാലിന്യ നിക്ഷേപ കേന്ദ്രങ്ങളുടെ പ്രശ്ന പരിഹാരം: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള നിക്ഷേപ സ്ഥലത്ത് കാലാകാലങ്ങളായി മാലിന്യങ്ങൾ കുന്നുകൂടുകയും തൻമൂലം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇത്തരം മാലിന്യ നിക്ഷേപങ്ങൾ ശാസ്ത്രീയമായി മറവ് (capping) ചെയ്യുന്നതിനായി

5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടങ്കൽ തുകയുടെ 50% അല്ലെങ്കിൽ 20 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്നതാണ്.

- <u>റിസോഴ്സ് റിക്കവറി സെന്ററുകൾ (RRC) സ്ഥാപിക്കുന്നതിനുള്ള സഹായം</u>: അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക്കുകൾ, കുപ്പികൾ, തുകലുകൾ എന്നിവയും ചിരട്ട, തൊണ്ട്, ഓല മുതലായ വസ്തുക്കൾക്കും പൊതുശേഖരണ സംഭരണ സംവിധാനം ഒരുക്കിയാൽ അവയുടെ പുനരുപയോഗ- പുനചംക്രമണ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ പ്ലാസ്റ്റിക് പുനഃചംക്രമണത്തിന് സൗകര്യങ്ങൾ ഉണ്ടാക്കാനും ഇതിൽ ലക്ഷ്യമിടുന്നു. ഇങ്ങനെയുള്ള 10 കേന്ദ്രങ്ങൾ മാതൃകയായി സ്ഥാപിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ചെലവിന്റെ 50%മോ പരമാവധി 15 ലക്ഷം രൂപയോ സാമ്പത്തിക സഹായം നൽകുന്നതാണ്.

ബി) ദ്രവ മാലിന്യ പരിപാലനം

<u>ദ്രവമാലിന്യ പരിപാലന പദ്ധതി</u>: ദ്രവമാലിന്യ പ്രശ്നം രൂക്ഷമായ 3 പ്രദേശങ്ങളിലെ സ്ഥാപനങ്ങൾക്കും മാതൃകാ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സഹായിക്കുക എന്നതാണ് പദ്ധതികൊണ്ട് വിവക്ഷിക്കുന്നത്. ദ്രവമാലിന്യം അതാതിടങ്ങളിൽ ശേഖരിച്ച് സംസ്കരണത്തിനുശേഷം കഴിയുന്നത്ര പുനരുപയോഗം നടത്തുന്നതിനായി പദ്ധതി തുകയുടെ 50 ശതമാനം തുകയോ പദ്ധതി നടപ്പിലാക്കുന്നത് സ്ഥാപനങ്ങൾക്കാണെങ്കിൽ പരമാവധി 30 ലക്ഷം രൂപയോ ഭാഗിക സാമ്പത്തിക സഹായം

നൽകുന്നതാണ്.

2. പൊതുശുചിത്വ സൗകര്യങ്ങൾ

i) വനിതാ വിശ്രമ ശുചിത്വ സമുച്ചയം: - 2011-12 വർഷത്തിൽ സംസ്ഥാനത്തെ റയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, വിനോദകേന്ദ്രങ്ങൾ, ആരാധനാകേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് സ്ത്രീകൾക്ക് സൗകര്യപ്രദമായ രീതിയിൽ വനിതാ വിശ്രമശുചിത്വ സമുച്ചയം 5 നഗരസഭകളിൽ കുടി നിർമ്മിക്കുന്നതാണ്. സ്ത്രീകൾക്ക് രാത്രികാലങ്ങളിലും ഉപയോഗിക്കുവാൻ കഴിയുന്നവിധം സൗകര്യപ്രദവും, സുരക്ഷിതവുമായ സ്ഥലം കോംപ്ലക്സ് നിർമ്മാണത്തിനായി മുൻസിപ്പാലിറ്റി/കോർപ്പറേഷൻ കണ്ടെത്തേണ്ടതാണ്. 15 ലക്ഷം രൂപയാണ് യുണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ 50% സാമ്പത്തിക സഹായമായ 7.5 ലക്ഷം രൂപ നഗരസഭയ്ക്ക് ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

ii) വഴിയോര ശുചിത്വ സമുച്ചയം:- നഗരസഭകളിലെ പ്രധാന റോഡുകളോട് ചേർന്ന് ടോയ്‌ലറ്റ് സൗകര്യം ലഭ്യമാക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തിൽ 50 വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതാണ്. 4 ലക്ഷം രൂപ യുണീറ്റ് കോസ്റ്റ് കണക്കാക്കിയതിൽ 50% സംസ്ഥാന വിഹിതമായിരിക്കും. ബാക്കി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.

3) മാലിന്യമുക്ത കേരളം കർമ്മ പദ്ധതി

i) മാലിന്യമുക്ത കേരളം പ്രചരണ പരിപാടി :- 2011-12 വർഷത്തിൽ

മാലിന്യമുക്ത കേരളം പ്രചാരണ പരിപാടിയുടെ ഭാഗമായി മഴക്കാല പൂർവ്വ ശുചീകരണ യജ്ഞം, പ്ലാസ്റ്റിക്കിനെതിരെയുള്ള ബോധവത്കരണം, പൊതുസ്ഥാപന ശുചിത്വം എന്നിവയ്ക്കുള്ള പ്രചരണ പരിപാടി വിപുലമായ രീതിയിൽ സംഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് സാമൂഹ്യ അവബോധം ശൃഷ്ടിക്കുന്നതിനായി ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള വ്യാപകമായ പ്രചാരണവും, റോഡ് ഷോ മറ്റു വിവര വിദ്യാഭ്യാസ വിനിമയോപാധികളുപയോഗിച്ചുള്ള ബോധവത്കരണവുമാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്.

ii) <u>മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യമുക്ത കേരളം അവാർഡ്</u>: 2011-12 സാമ്പത്തിക വർഷത്തിൽ മികച്ച ശുചിത്വ നിലവാരം പുലർത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കണ്ടെത്തി ആദരിക്കുന്നതായിരിക്കും. മാലിന്യമുക്ത കേരളം അവാർഡിന് കുടുതൽ പ്രചരണം നൽകികൊണ്ട് കൂടുതൽ അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു.

iii) <u>സ്കൂളുകൾക്കും, അംഗൻവാടികൾക്കും മാലിന്യമുക്തകേരളം അവാർഡ്</u>: 2011-12 സാമ്പത്തിക വർഷത്തിൽ മികച്ച ശുചിത്വ നിലവാരം പുലർത്തുന്ന 2 സ്കൂളുകൾക്ക് 20,000/- രൂപ വീതവും 2 സ്കൂളുകൾക്ക് 10,000/- രൂപ വീതവും മാലിന്യമുക്തകേരളം അവാർഡ് തുകയായി നൽകുവാൻ ഉദ്ദേശിക്കുന്നു.

iv) <u>ആശുപത്രികൾക്ക് മാലിന്യമുക്തകേരളം അവാർഡ്</u>: മികച്ച

ശുചിത്വനിലവാരം

പുലർത്തുന്ന സർക്കാർ ആശുപത്രികളെ കണ്ടെത്തുന്നതിനും ആദരിക്കുന്നതിനുമായി ജില്ലാ തലത്തിൽ മികച്ച രണ്ട് സർക്കാർ ആശുപത്രികൾ അല്ലെങ്കിൽ കമ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് 20,000/- രൂപ വീതവും മികച്ച രണ്ട് പ്രൈമറി ഹെൽത്ത് സെന്ററുകൾക്ക് 10,000 രൂപ വീതവും നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

V) <u>പൊതുസ്ഥാപനങ്ങൾക്ക് മാലിന്യ മുക്ത കേരളം അവാർഡ്:</u>
2011-12 സാമ്പത്തിക വർഷത്തിൽ മികച്ച ശുചിത്വ നിലവാരം പുലർത്തുന്ന താലൂക്ക് തലത്തിലെ ഒരു സർക്കാർ ഓഫീസിന് 10,000 രൂപ വീതവും ജില്ലാതലത്തിൽ ശുചിത്വ നിലവാരത്തിൽ ഒന്നാമതായി വരുന്ന സർക്കാർ ഓഫീസിന് 20,000 രൂപ വീതവും, രണ്ടാമതായി വരുന്ന ഓഫീസിന് 10,000 രൂപ വീതവും മൂന്നാമതായി വരുന്ന ഓഫീസിന് 5,000 രൂപ വീതവും നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

## II. സമ്പൂർണ്ണ ശുചിത്വ യജ്ഞം (Total Sanitation Campaign)

സമ്പൂർണ്ണ ശുചിത്വ യജ്ഞ പരിപാടി കേന്ദ്രാവിഷ്കൃത പദ്ധതിയായി 2001 ൽ ആരംഭിച്ചു. ഗ്രാമ പ്രദേശത്തെ ജനജീവിതത്തിന്റെ പൊതുവായ ഗുണമേന്മ വർദ്ധിപ്പിക്കുക. ശുചിത്വ പരിപാടി വ്യാപകവും ത്വരിതവുമാക്കുക, ആരോഗ്യ വിദ്യാഭ്യാസം, ബോധവത്കരണം എന്നിവയിലൂടെ ആവശ്യകത ജനിപ്പിക്കുക, വിദ്യാലയങ്ങളിലും അംഗനവാടികളിലും ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തി പരിപാടി വ്യാപിക്കുക, ചെലവു ചുരുങ്ങിയ - അനുയോജ്യമായ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുക, ജലജന്യരോഗങ്ങളുടെ വ്യാപനം കുറയ്ക്കുക എന്നിവയാണ്

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.<br><br>**III. ഇന്റർഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ (ILCS)**<br>കേന്ദ്ര ഗവൺമെന്റിന്റെ ഭവന-നഗര-ദാരിദ്ര്യ ലഘൂകരണമന്ത്രാലയം ആവിഷ്കരിച്ചു നടപ്പാക്കുന്ന ഒരു പദ്ധതിയാണ് ഇന്റർഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ (ILCS). നഗര പ്രദേശങ്ങളിൽ അശാസ്ത്രീയമായി കക്കൂസ് ഉപയോഗിക്കുന്ന കുടുംബാംഗങ്ങൾക്ക് വാട്ടർ സീലുള്ള കക്കൂസുകൾ നൽകുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കക്കൂസ് ഒന്നിന് 10000/-രൂപ വച്ചാണ് നഗര പ്രദേശങ്ങളിൽ വസിക്കുന്ന ദരിദ്രർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി തുകയുടെ 75% കേന്ദ്ര ഗവൺമെന്റും 15% സംസ്ഥാന ഗവൺമെന്റും 10% ഗുണഭോക്താവും വഹിക്കേണ്ടതാണ്. |
| സി) | **2012-13ലേക്കുള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ലക്ഷ്യമിടുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;** | സി) | പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2012-13ൽ ശുചിത്വമിഷൻ ലക്ഷ്യമിടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-<br>ഖരമാലിന്യ പരിപാലനം<br>ദ്രവമാലിന്യ പരിപാലനം<br>പൊതു ശുചിത്വ സൗകര്യങ്ങൾ<br>മാലിന്യമുക്ത കേരളം കർമ്മ പദ്ധതി |
| ഡി) | **ഗ്രാമീണ മേഖലയിലെ കൃഷി ഭൂമി, പാതയോരങ്ങൾ, ജലാശയങ്ങൾ, വീട്ടുവളപ്പുകൾ എന്നിവിടങ്ങളിലെല്ലാം അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും അവ റീസൈക്കിൾ ചെയ്യുന്നതിനും ശുചിത്വ മിഷന്റെ പദ്ധതിയെന്തെങ്കിലും നിലവിലുണ്ടോ;എങ്കിൽ ആ വിധത്തിൽ പ്രവർത്തനം വ്യാപിപ്പിക്കുമോ ?** | ഡി) | പ്ളാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യാനുദ്ദേശിച്ച് കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയം പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരം വിജ്ഞാപനം ചെയ്ത 2011 ലെ പ്ളാസ്റ്റിക് മാലിന്യ (പരിപാലന/കൈകാര്യ) ചട്ടങ്ങൾ നിലവിലുണ്ട്. ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കേണ്ടത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വഴിയുമാണ്. ഈ ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയം |

ഭരണ സ്ഥാപന പ്രദേശത്ത് അടിഞ്ഞു കൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ഷ്രെഡ്ഡ് ചെയ്ത് റീസൈക്കിൾ ചെയ്യുന്നതിന് നടപടി കൈക്കൊള്ളേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. പഞ്ചായത്ത് പ്രദേശത്ത് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രഡ്ഡ് ചെയ്ത് റീസൈക്കിൾ ചെയ്യുന്നതിന് വേണ്ടിയുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ സാങ്കേതിക അനുമതിയും ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ